# മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈശോയുടെ രാജത്വത്തിരുനാൾ ആഘോഷിക്കുവാൻ ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ നമ്മൾ. നമുക്കുവേണ്ടി ജനിച്ച് ജീവിച്ച് പ്രവർത്തിച്ച് മരിച്ച് ഉത്ഥിതനായ രാജാവാണ് നമ്മുടെ ക്രിസ്തു. മനുഷ്യ ഹൃദയങ്ങളെ സ്പർശിക്കുന്ന പുതിയ ഉടമ്പടിയിലെ സ്നേഹത്തിന്റെ നിയമം സ്വജീവിതത്തിലൂടെ നമുക്ക് കാണിച്ചുതന്ന മിശിഹായുടെ രാജത്വത്തിരുനാൾ ആഘോഷിക്കുമ്പോൾ ക്ഷമിക്കുകയും, സ്നേഹിക്കുകയും, മനസ്സിലാക്കുകയും, അംഗീകരിക്കുകയും ചെയ്യുന്ന നല്ല പ്രേഷിതരായി ഈ വർഷത്തെ രാജത്വത്തിരുന്നാൾ നമുക്ക് ആഘോഷിക്കാം...എല്ലാവർക്കും രാജത്വത്തിനുന്നാളിന്റെ മംഗളങ്ങൾ...പ്രാർത്ഥനകൾ....

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : മിശിഹായുടെ രാജത്വത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. അന്ത്രയോസ് |
| പ്രാർത്ഥനാനിയോഗം | : മേഖലാസമിതികളുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃതം | : 74 പരിശുദ്ധരാജ്ഞി ജപം |
| സുകൃതംജപം | : രക്ഷകനായ ഈശോയെ, ശുദ്ധീകരണാത്മാക്കളുടെമേൽ കരുണയായിരിക്കണമേ. |
| *സങ്കീർത്തന പാരായണം* | : സങ്കീ: 60 – 69 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | : എംബ്ലം |

**1.ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 1 തിങ്കൾ | : | സകല വിശുദ്ധരുടെയും തിരുനാൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ – കാർട്ടൂൺ, പോസ്റ്റർ നിർമ്മാണം. |
| 2 ചൊവ്വ | : | സകല മരിച്ചവരുടെയും തിരുനാൾ |
| 4 വ്യാഴം | : | മതാദ്ധ്യാപകദിനം |
| 7 ഞായർ | : | മതാദ്ധ്യാപകരെ ആദരിക്കൽ |
| 14 ശനി | : | അൾത്താര നക്ഷത്രം – ദൈവവിളി ക്യാമ്പ് |
| 19 വെള്ളി | : | വൃദ്ധമാതാപിതാക്കളെ, മാതൃവേദി പ്രവർത്തകരെ ആദരിക്കുന്നു. |
| 21 ഞായർ | : | രാജത്വത്തിരുനാൾ |

30 ചൊവ്വ : ആൽബം, ഉപന്യാസം, ക്ലിക്ക്ഷോട്ട്, പൂമ്പാറ്റ എന്നിവ അതിരൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം.

## 2. മേഖലകൾ ശ്രദ്ധിക്കാൻ :

എക്സിക്യൂട്ടീവ്, സെമിനാർ, മേഖലാ സാഹിത്യമത്സരങ്ങൾ, വി. യൗസേപ്പിതാവിന്റെ തീർത്ഥാടന ദേവാലയ സന്ദർശനം, ശാഖാ ഭാരവാഹികൾക്ക് ട്രെയിനിംഗ്, ലഹരി വിരുദ്ധപ്രവർത്തനങ്ങൾ, മതാദ്ധ്യാപകദിനം, മിശിയുടെ രാജത്വത്തിരുനാൾ, അതിരൂപതാ സാഹിത്യമത്സരം.

## 3. രാജത്വതിരുനാൾ

നവംബർ 21-ാം തിയതി ഞായറാഴ്ച ക്രിസ്തു രാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്ക വിധം ഇപ്പോഴത്തെ സാഹചര്യം അനുസരിച്ച് വിവിധ പരിപാടികൾ ക്രമീകരിക്കുമല്ലോ. അതിരൂപതാ തലത്തിൽ കുന്നോത്ത് മേഖലയിലെ ചരൾ ശാഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

## 4. മിഷൻ പച്ചക്കറിതോട്ടം

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കാൻ നേരത്തെ രജിസ്റ്റർ ചെയ്തതനുസരിച്ച് പ്രസിദ്ധീകരിച്ചതിനു പുറമേ പുതുതായി രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. പേരാവൂർ, മണ്ഡപം, കമ്പല്ലൂർ, തോമാപുരം, ചട്ടമല, നാട്ടക്കൽ, രണ്ടാംകടവ്, ചെറുപുഴ, നെല്ലിക്കുറ്റി. നവംബർ 15-ാം തിയതിക്ക് മുമ്പ് അതിരൂപതാ ടീം ഒന്നാം ഘട്ടം പച്ചക്കറിത്തോട്ടസന്ദർശനം നടത്തുന്നതിനായി പേര് രജിസ്റ്റർചെയ്ത ശാഖകളിൽ എത്തുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ.

## 5. ഉപന്യാസം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ഉപന്യാസ മത്സരം ഓഫീസിൽ ലഭിക്കേണ്ട അവസാന തിയ്യതി ഈ മാസം 30 ആണെന്ന് ഓർമ്മിപ്പിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ഒക്ടോബർ മാസത്തെ ഗിരിദീപം പേജ് 40 കാണുക) വിഷയം: **"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്"**.

## 6. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം

5-ാംക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നട

ത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ സി.ഡി, പെൻഡ്രൈവ് ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ(കൂടുതൽ വിവരങ്ങൾക്ക് ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 49 കാണുക).

## 7. പൂമ്പാറ്റ ആംഗ്യപ്പാട്ട്

5-ാംക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ സി.ഡി, പെൻഡ്രൈവ് ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ(കൂടുതൽ വിവരങ്ങൾക്ക് ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 49 കാണുക).

## 8. ആൽബം

**"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ് "** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബനിർമ്മാണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 32 കാണുക.

## 9. ടീം ക്വിസ്സ്

ഈ വർഷത്തെ ടീം ക്വിസ്സ് 2022 ജനുവരി 26 ന് ആണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**നിബന്ധനകൾ**

- ടീം ക്വിസ് ഈ പ്രവർത്തനവർഷം 5 മുതൽ 10 വരെ ക്ലാസ്സുകളിൽ മതബോധനം പഠിക്കുന്ന കുട്ടികൾക്കായിരിക്കും.
- 6 പേർ ഉൾപ്പെടുന്ന മേഖലാ ടീം ആണ് മത്സരിക്കേണ്ടത്. ഇതിൽ

  2 ആൺകുട്ടികളും 2 പെൺകുട്ടികളും നിർബന്ധമായി ഉണ്ടായിരിക്കണം. മേഖലാ ടീം ഒരേ ശാഖയിൽ നിന്ന്തന്നെ വേണമെന്ന് നിർബന്ധമില്ല.
- മത്സരം വ്യക്തിഗതമായിരിക്കണം. ചർച്ച ചെയ്ത് എഴുതാൻ പാടില്ല.
- മത്സരത്തിൽ പങ്കെടുക്കുന്ന ടീം അംഗങ്ങളുടെ മുഴുവൻ മാർക്കും കൂട്ടിയായിരിക്കും വിജയിച്ച ടീമിനെ നിശ്ചയിക്കുക. വ്യക്തിഗത സമ്മാനം ഉണ്ടായിരിക്കും.
- മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ്, ബാഡ്ജ്, പഠിക്കുന്ന ക്ലാസ് തെളിയിക്കുന്ന ശാഖാഡയറക്ടറുടെ കത്ത്

എന്നിവ ഉണ്ടായിരിക്കണം.

- ക്വിസ്മത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യൂട്ടീവിന്റെ തീരുമാനം അന്തിമമായിരിക്കും.
- ടീം ക്വിസ് പഠനഭാഗങ്ങൾ : അപ്പസ്തോല പ്രവർത്തനം 30% മഹാമിഷനറി 20% , സഭ 20 % , സംഘടന 30% .
- ജനുവരി 20 ന് മുമ്പായി മേഖലാ തലത്തിൽ ടീം ക്വിസ്സ് നടത്തി മേഖലാ വിജയികളായ ടീമിന്റെ വിവരം അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**10. കൈയ്യെഴുത്ത് മാസിക**

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണം ആരംഭിച്ചുകാണുമല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസികകൾ ജനുവരി 26 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**നിബന്ധനകൾ**

- മാസിക 100 പേജിൽ കവിയരുത്. അളവ് A4 Size
- മാസികയിലെ ചിത്രങ്ങളുൾപ്പെടെയുള്ള എല്ലാ രചനകളും സി. എം. എൽ. അംഗങ്ങളുടെ സൃഷ്ടിയായിരിക്കണം. ഇവയിൽ അംഗങ്ങളുടെ പേരും, അംഗത്വനമ്പറും, ഫോൺനമ്പറും നിർബന്ധമായും ചേർത്തിരിക്കണം.
- ബഹു. അച്ചൻമാർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് എന്നിവരുടെ രചനകൾ മാസികയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ ആശംസകൾ ഉൾപ്പെടുത്താം.
- രചനകൾ ക്രിസ്തീയ ആദർശം പ്രതിഫലിപ്പിക്കുന്നവയായിരിക്കണം. ക്രിസ്തീയ ആശയങ്ങൾക്ക് വിരുദ്ധമായതൊന്നും രചനകളിൽ പാടില്ല.
- ലേഖനം, ചെറുകഥ, കാർട്ടൂൺ, കവിത, ഫലിതബിന്ദുക്കൾ, മഹത് വചനങ്ങൾ, കടങ്കതകൾ, ക്വിസ്, പദപ്രശ്നം, നിങ്ങൾക്കറിയാമോ, നുറുങ്ങുകൾ, ഹാസ്യഭാവന, ഏകാങ്കം, ചിത്രങ്ങൾ, കളർഡ്രോയിംഗ്, പെൻസിൽ ഡ്രോയിംഗ്, തുടങ്ങിയവ മാസികയിൽ ഉൾപ്പെടുത്താം.
- രചനകളുടെ വൈവിധ്യം, ഉൾക്കൊള്ളുന്ന മൂല്യങ്ങൾ, നിലവാരം, മാസികയുടെ കലാമേൻമ, എഡിറ്റിംഗ്, ചമയം, ആശംസകൾ, ആമുഖം, ഉചിതമായപേര്, മുഖചിത്രം തുടങ്ങിയവയെല്ലാം വിലയിരുത്തപ്പെടും.

- കൈയെഴുത്ത് മാസികാമത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യൂട്ടീവ് തീരുമാനങ്ങളും, ഏറ്റവും നല്ല കൈയെഴുത്ത്മാസിക തിരഞ്ഞെടുക്കുന്നതിൽ ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങളും അന്തിമമായിരിക്കും.
- കൈയെഴുത്ത് മാസികയിലെ രചനകളിൽ 75%, 17 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങളുടേത് ആയിരിക്കണം.
- ഈ വർഷത്തെ പഠനവിഷയമായ "**ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്**" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കണം.
- കൈയെഴുത്ത് മാസിക അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തിയതി ജനുവരി 26.

**11. അതിരൂപതാ സാഹിത്യമത്സരം**

നവംബർ അവസാനത്തോടുകൂടി അതിരൂപതാ സാഹിത്യമത്സരം നടത്തപ്പെടുന്നു. സബ്ജൂണിയർ, ജൂണിയർ, സീനിയർ, സൂപ്പർസീനിയർ എന്നീ വിഭാഗത്തിലായിരിക്കും മത്സരം നടത്തപ്പെടുക. **മത്സര ഇനങ്ങൾ:** കഥ, കവിത, ഉപന്യാസം, ചിത്രരചന എന്നിവയായിരിക്കും. മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്നവരുടെ പേരുകൾ നവംബർ 15 ന് അതിരൂപതയിൽ അറിയിക്കേണ്ടതാണ്.

**പ്രായപരിധി:**

1. സബ്ജൂണിയർ : 2009 ജനുവരി 1 - നോ ശേഷമോ ജനിച്ചവർ
2. ജൂണിയർ : 2006 ജനുവരി 1 - 2008 ഡിസംബർ 31
3. സീനിയർ : 2002 ജനുവരി 1 - 2005 ഡിസംബർ 31
4. സൂപ്പർ സീനിയർ : 2002 ജനുവരി 1 - ന് മുമ്പ് ജനിച്ചവർ

**A)ഉപന്യാസം**

10 പേജിൽ കവിയരുത് വിഷയാവതരണത്തിലെ ആധികാരികത 25%, ഘടന, ആശയം, അവതരണശൈലി25%, ഉചിതമായ ഭാഷ 25%, ആനുകാലിക പ്രസക്തമായ ക്രൈസ്തവ സന്ദേശം25% എന്നിങ്ങനെയായിരിക്കും മാർക്ക് വിഭജനം

**വിഷയം** : ജൂണിയർ : വി.ലൂക്കാ 13-ാം അദ്ധ്യായം
**വിഷയം** : സീനിയർ : വി.ലൂക്കാ 14-ാം അദ്ധ്യായം
**വിഷയം** : സൂപ്പർ സീനിയർ : വി.ലൂക്കാ 15-ാം അദ്ധ്യായം

B) **കഥ**

6 പേജിൽ കവിയരുത്.വിഷയ ബന്ധിതമായ ആശയം 25%, ആകർഷകമായ രചനാശൈലി25%,ഭാഷയുടെ ലാളിത്യം, ഭംഗി 25%, ആനുകാലിക പ്രസക്തമായ ക്രൈസ്തവ സന്ദേശം 25%,

**വിഷയം** : ജൂണിയർ : വി.ലൂക്കാ 13-ാം അദ്ധ്യായം

**വിഷയം** : സീനിയർ : വി.ലൂക്കാ 14-ാംഅദ്ധ്യായം

**വിഷയം** : സൂപ്പർ സീനിയർ :വി.ലൂക്കാ 15-ാം അദ്ധ്യായം

C) **കവിത**

48 വരിയിൽ കവിയരുത്.വിഷയ ബന്ധിതമായ ആശയം 25%, ഭാഷാ ശൈലി 25%, വർണ്ണനകൾ, പ്രയോഗങ്ങൾ 25%, ആനുകാലിക പ്രസക്തമായ ക്രൈസ്തവ സന്ദേശം 25%, എന്നിങ്ങനെയായിരിക്കും മാർക്ക് വിഭജനം.

ജൂണിയർ :

സീനിയർ :

സൂപ്പർ സീനിയർ :

**വിഷയം** : കവിതാ രചനയ്ക്ക്മാത്രം സംസ്ഥാനതല മത്സരം ഉള്ള തിനാൽ സംസ്ഥാനതലത്തിലും , അതിരൂപതാതലത്തിലും ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി എന്ന വിഷയം അടിസ്ഥാനമാക്കിയായിരിക്കും വിഷയം നൽകുക. അതി നാൽ മേഖലാതലത്തിലും ജൂബിലി എന്ന കാര്യം അടി സ്ഥാനമാക്കി വിഷയം നിശ്ചയിച്ച് നൽകുക.

D) **ചിത്രരചന**

ചിത്രരചനാ മത്സരം സബ്ജൂണിയർ വിഭാഗത്തിന് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. വരക്കാൻ ഒരു ചിത്രം നൽകുന്നതായിരിക്കും. (ജലഛായം)

**വിഷയം** : വചനഭാഗം: വി.ലൂക്കാ 19-ാം അദ്ധ്യായം

**നിർദ്ദേശങ്ങൾ**

1) മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ചെറുപുഷ്പ മിഷൻലീഗ് അംഗത്വകാർഡും ബാഡ്ജും നിർബന്ധമാണ്.
2) ഒരു വ്യക്തിയ്ക്ക് സ്വന്തം പ്രായപരിധിയിലുള്ള ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ.
3) ഒരു വ്യക്തിയ്ക്ക് സ്വന്തം പ്രായപരിധിയിലുള്ള ഒരു ഇനത്തിൽ

മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ.

4) 100 കുടുംബങ്ങളിൽ താഴെയുള്ള ഇടവകകൾ മേഖലാ തലത്തിൽ മത്സരത്തിൽ പങ്കെടുക്കുമ്പോൾ അത്തരം ഇടവകകളിലെ ഒരു കുട്ടിക്ക് 2 ഇനങ്ങളിൽ മത്സരിക്കാം.

5) എല്ലാ മത്സരങ്ങളും ഒന്നര മണിക്കൂർ ആയിരിക്കും സമയം

6) മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്നവർക്ക് മാത്രമേ അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളൂ ആൺ -പെൺ വ്യത്യാസം ഇല്ല.7) സാഹിത്യ മത്സരം നടക്കുന്ന അതേ സമയം തന്നെയായിരിക്കും ചിത്രരചനാമത്സരവും നടക്കുന്നത്.

8) ഗ്രേഡിങ്ങ് ഉണ്ടായിരിക്കുന്നതാണ്.
A ഗ്രേഡിന് 5 ഉം, B ഗ്രേഡിന് 3 ഉം, C ഗ്രേഡിന് 1 ഉം, ഇതിനു പുറമേ വ്യക്തിഗത ഇനങ്ങളിൽ സ്ഥാനങ്ങൾക്ക് 5, 3, 1 വീതം പോയിന്റ് ലഭിക്കും. ഉദാ: വ്യക്തിഗത ഇനങ്ങളിൽ ഒന്നാം സ്ഥാനവും A ഗ്രേഡും ലഭിച്ചാൽ 5 + 5 =10, പോയന്റും ലഭിക്കും.

9) ഓരോ മേഖലയും സാഹചര്യമനുസരിച്ച് മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച് മേഖലാതല മത്സരം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

10) നവംബർ 15 ന് മുമ്പായി മേഖലാതലത്തിൽ വിജയികളായവരുടെ പേരുകൾ അതിരൂപതയിൽ നൽകേണ്ടതാണ്. അതിരൂപതാതല മത്സരം നവംബർ 27 ന് ആയിരിക്കും നടത്തുക.

11) ഓരോ മത്സര ഇനത്തിലും വിവിധപ്രായവിഭാഗത്തിലുള്ളവർക്ക് നിശ്ചയിച്ച് നൽകിയിരിക്കുന്ന വച നഭാഗത്തുനിന്നും വിഷയം മേഖലകൾ നിശ്ചയിച്ച് നൽകേണ്ടതാണ്. നവംബർ 27 ന് നടത്തപ്പെടുന്ന അതിരൂപതാതല മത്സരങ്ങൾക്കുള്ള വിഷയം അതിരൂപതയിൽ നിന്നും നൽകുന്നതായിരിക്കും.

12) കൂടുതൽ വിവരങ്ങൾക്ക് അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുക.

## 12. മതാദ്ധ്യാപക ദിനം

നവംബർ 4-ാം തിയതി മതാദ്ധ്യാപന ദിനമാണല്ലോ. നവംബർ 4-ാം തിയതി വ്യാഴായ്ചയായതിനാൽ നവംബർ 7-ാം തിയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം ഒറ്റത്തൈ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

## 13. പുതിയ മേഖലാ സാരഥികൾ

2021 – 2023 വർഷത്തേയ്ക്ക് കാഞ്ഞങ്ങാട്, എടൂർ, ചെമ്പേരി,

മേരിഗിരി മേഖലകളെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായസ്വാഗതം. അതോടൊപ്പം കഴിഞ്ഞ രണ്ട് വർഷക്കാലം മേഖലയെ കർമ്മധീരതയോടെ നയിച്ച എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞനന്ദി.

## 14. മേഖലാ ജൂണിയർ ഭാരവാഹികളുടെ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2021 - 2022 വർഷത്തേക്കുള്ള മേഖലാ ജൂണിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്താത്ത ഓരോ മേഖലയും അവരുടെ സാഹചര്യം അനുസരിച്ച് ഈ മാസം തന്നെ(നവംബർ 30 നകം) നടത്തി ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## 15. നല്ലിടയൻ പദ്ധതി

തളിപ്പറമ്പ് മേഖലയുടെ നേതൃത്വത്തിൽ പരിയാരം ശാഖയിലെ എളുക്കുന്നേൽ ആന്റണി എന്ന വ്യക്തിക്കും, നെല്ലിക്കാംപോയിൽ മേഖലയിലെ ശാന്തിനഗർ ശാഖയിലെ ബീന പൊട്ടംപ്ലാക്കൽ എന്ന വ്യക്തിക്കും, ചെമ്പന്തൊട്ടി മേഖലയിലെ നെടുവാലൂർ ശാഖയിലെ ബിനീഷ് അയ്യമല എന്ന വ്യക്തിക്കും ആടിനെ നൽകി.

## 16. വി.കൊച്ചുത്രേസ്യായുടെ തിരുനാളും അംഗത്വ നവീകരണവും

വി.കൊച്ചുത്രേസ്യായുടെ തിരുനാളും അംഗത്വ സ്വീകരണവും ഒക്ടോബർ 10-ാം തിയതി ഞായറാഴ്ച കടുമേനി ശാഖയിൽ വച്ച് നടന്നു. പരിപാടികൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്ത് തന്ന ശാഖാ ഡയറക്ടർ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ മുക്കിലിക്കാട്ട് അച്ചനും വൈസ്ഡയറക്ടർ സിസ്റ്ററിനും ഭാരവാഹികൾക്കും മതാദ്ധ്യാപകർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

### 17. ദേശീയ - അതിരൂപതാതല പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം

03.10.21 ന് ഞായറാഴ്ച രാവിലെ 10 മണിക്ക് സന്ദേശഭവനിൽ വച്ച് ദേശീയ പ്രസിഡന്റ് ശ്രീ ബിനോയ് പള്ളിക്കാപ്പറമ്പിൽ, സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി, അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ എന്നിവരുടെ നേതൃത്വത്തിൽ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി, മാർ ജേക്കബ്ബ് മുരിക്കൽ, മാർ ജോർജ്ജ് ഞറളക്കാട്ട്, മാർ ജോസഫ് പാംപ്ലാനി, മാർ ജോർജ്ജ് വലിയമറ്റം എന്നീ പിതാക്കൻമാരുടെ മഹനീയ സാന്നിധ്യത്തിൽ ദേശീയ- അതിരൂപതാ തല

പ്ലാറ്റിനം ജൂബിലി വർഷം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും കെ.ടി.ജോൺ കൊച്ചുചെറുനിലത്ത് നന്ദിയും പറഞ്ഞു.

**18. മിഷൻ ഞായർ ആഘോഷം**

17.10.20 ന് മിഷൻ ഞായർ ആഘോഷം അതിരൂപതാ തലം ചെമ്പേരി മേഖലയിലെ നെല്ലിക്കുറ്റി ശാഖയിൽ വച്ച് നടത്തി. മിഷൻ ഞായർ ആഘോഷങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്ത് തന്ന ശാഖാ ഡയറക്ടർ ബഹുമാനപ്പെട്ട മാത്യു ഓലിക്കൽ അച്ചനും വൈസ്ഡയറക്ടർ സിസ്റ്ററിനും ഭാരവാഹികൾക്കും മതാദ്ധ്യാപകർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി. അതോടൊപ്പം മിഷൻ ഞായർ സാഘോഷം കൊണ്ടാടിയ എല്ലാ ശാഖകൾക്കും മേഖലകൾക്കും പ്രത്യേകം നന്ദി.

**19. എം റ്റി സി ക്ലാസ്സ്**

2021-2022 വർഷത്തെ എം റ്റി സി ക്ലാസ്സും, ക്യാമ്പും സാഹചര്യമനുസരിച്ച് മേഖലകളിൽ നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. മേഖലകളിൽ നിന്ന് ലഭിച്ചിരിക്കുന്ന എണ്ണമനുസരിച്ച് ഈ വർഷത്തെ പുസ്തകം മേഖലകളിൽ എത്തിച്ചിട്ടുണ്ട്. വില- ------- രൂപ

**20. മേഖലാ പ്രസിഡന്റ്മാരുടെ മീറ്റിംഗ്**

28.09.2021 ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അദ്ധ്യക്ഷതയിൽ മേഖലാപ്രസിഡന്റ്മാരുടെ മീറ്റിംഗ് കൂടി തളിപ്പറമ്പ് ഫൊറോനവികാരി റവ. ഫാ. അബ്രാഹം പോണാട്ട് പ്ലാറ്റിനം ജൂബിലി തിരി തെളിച്ച് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് മേഖലാ ഡയറക്ടർ റവ.ഫാ. ജോസഫ് കുളത്തറ ജൂബിലി ബാനർ എല്ലാ പ്രസിഡന്റുമാർക്കും കൈമാറി. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കര നന്ദിയും പറഞ്ഞു. പങ്കെടുത്താ എല്ലാ മേഖലാ പ്രസിഡന്റുമാർക്കും, നേതൃത്വം കൊടുത്ത അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും നന്ദി.

**21. മിഷൻജ്യോതി പ്രകാശനം**

03.10.2021 ന് ഞായറാഴ്ച സന്ദേശഭവനിൽ വച്ച് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഇറക്കിയ മിഷൻജ്യോതി വാർത്താപത്രിക തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞറളക്കാട്ട് പ്രകാശനം ചെയ്തു.

**22. മലബാർ റീജണൽ സംഗമം**

11.10. 2021 ന് തിങ്കളാഴ്ച ഗൂഗിൾ മീറ്റിലൂടെ നടന്ന മലബാർ റീജിയണൽ സംഗമത്തിൽ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**23. സെമിനാറുകൾ, ക്ലാസ്സുകൾ**

- 10.10.2021 ന് കടുമേനി ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.

**24. പ്രതിഷേധം**

28.09.21 ന് മേഖലാ പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ കാട്ടാനയുടെ ആക്രമത്തിൽ കൊല്ലപ്പെട്ട പെരിങ്കരി സ്വദേശി ശ്രീ ജെസ്റ്റിൻ ചെമ്പകശ്ശേരിയിലിന് ആദരാഞ്ജലികൾ അർപ്പിക്കുകയും വന്യമൃഗ ശല്യത്തിനെതിരെ സർക്കാരുകൾ സത്വരനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം പാസാക്കി അവതരിപ്പിക്കുകയും പ്രതിഷേധം അറിയിക്കുകയും ചെയ്തു.

**23. അഭിനന്ദനങ്ങൾ**

World Handwriting Competition ആർട്ടിസ്റ്റ്ക് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ചെമ്പേരി മേഖലയിലെ കുടിയാൻമല ശാഖാംഗമായ ആൻമരിയ ബിജു ചന്ദ്രൻകുന്നേൽ എന്ന കുട്ടിക്ക് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

നവംബർ 21 -ാം തിയതി നമ്മുടെ രാജാവും നേതാവുമായ ക്രിസ്തു രാജന്റെ രാജത്വതിരുനാൾ നാം ആഘോഷിക്കുകയാണല്ലോ, അന്നേ ദിനം ഇപ്പോഴത്തെ സാഹചര്യം മനസ്സിലാക്കിക്കൊണ്ട് വിവിധ പരിപാടികളോ ടുകൂടെ തിരുനാൾ ആഘോഷിക്കുവാൻ ആനിമേറ്റേഴ്സും മതാദ്ധ്യാപകരും കുട്ടികളെ ഒരുക്കുമല്ലോ. എല്ലാ കൊച്ചുകൂട്ടുകാർക്കും രാജത്വത്തിരുനാളിന്റെ മംഗളങ്ങളും...പ്രാർത്ഥനകളും...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വി. മിശിഹായുടെ രാജത്വതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധ | : വി. സിസിലി |
| പ്രാർത്ഥനാനിയോഗം | : എല്ലാ സഭാ അധികാരികൾക്കും വേണ്ടി |
| സുകൃതംജപം | : ഈശോയെ രാജാവായി എന്റെ ഹൃദയത്തിൽ എഴുന്നള്ളി വരേണമേ |
| വചനം | : ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നു (യോഹ :10-11) |
| *പ്രവൃത്തി* | : ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ പഠിപ്പിക്കുക. |
| മനപാഠമാക്കുക | : ദു:ഖത്തിന്റെ രഹസ്യം പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : ക്രിസ്തുരാജൻ ഫാൻസിഡ്രസ്സ് മത്സരം (ആൺകുട്ടികൾക്ക് മാത്രം) |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 തിങ്കൾ | : | സകല വിശുദ്ധരുടെയും തിരുനാൾ |
| 2 ചൊവ്വ | : | സകല മരിച്ചവരുടെയും തിരുനാൾ |
| 4 വ്യാഴം | : | മതാദ്ധ്യാപകദിനം |
| 7 ഞായർ | : | മതാദ്ധ്യാപകരെ ആദരിക്കൽ |
| 19 വെള്ളി | : | ലോക മാതൃദിനം, എല്ലാ അമ്മമാർക്കും ആശംസകളറിയിക്കുക. |
| 21 ഞായർ | : | രാജത്വത്തിരുനാൾ |

## 2. മതാദ്ധ്യാപക ദിനം

നവംബർ 4-ാം തിയതി മതാദ്ധ്യാപന ദിനമാണല്ലോ. നവംബർ 4-ാം തിയതി വ്യാഴായ്ചയായതിനാൽ നവംബർ 7-ാം തിയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം ഒറ്റത്തൈ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

## 4. രാജത്വതിരുനാൾ

നവംബർ 21-ാം തിയതി ഞായറാഴ്ച ക്രിസ്തു രാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്ക വിധം ഇപ്പോഴത്തെ സാഹചര്യം അനുസരിച്ച് വിവിധ പരിപാടികൾ ക്രമീക രിക്കുമല്ലോ. അതിരൂപതാ തലത്തിൽ കുന്നോത്ത് മേഖലയിലെ ചരൾ ശാ ഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

## 5. മദർതെരേസ ഫാൻസിഡ്രസ്സ് മത്സര വിജയികൾ

I^st^ - ആൻതെരേസ വെള്ളാപ്പള്ളി - വെള്ളാട്

II^nd^ - ഏയ്ഞ്ചൽ മരിയ ആക്കാട്ട് - ഉമ്മർപൊയിൽ

III^rd^ - ആൻതെരേസ തെന്നടിയിൽ - അട്ടേങ്ങാനം

## 6. ക്രിസ്തുരാജൻ ഫാൻസിഡ്രസ്സ് മത്സരം

മിശിഹായുടെ രാജത്വതിരുനാളിനോടനുബന്ധിച്ച് ആൺകുട്ടി കൾക്കായി ക്രിസ്തുരാജൻ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഫോട്ടോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗ ണ്ടിലേക്ക് അയയ്ക്കുക.. അയക്കേണ്ട അവസാന ദിവസം നവംബർ 25. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. രേഖപ്പെടുത്താതെ അയക്കുന്നത് മത്സരത്തിൽ പരിഗണിക്കുന്നതല്ല. ഒരു ശാഖയിൽ നിന്നും ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ